31/96
23/2/21

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കോട്ടയം ജില്ല – ഫിസ്റ്റുലൈസിങ് ക്രോൺസ് എന്ന രോഗം ബാധിച്ച ചികിത്സയിൽ കഴിയുന്ന ശ്രീമതി. കനകമ്മ.പി.പി എന്നയാളുടെ മകളുടെ ചികിത്സയ്ക്ക് ആവശ്യമായ മരുന്ന് വിതരണം ചെയ്ത കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് ചെലവായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

**ജി.ഒ. (ആർ.റ്റി) നമ്പർ. 940/2021/റവ. തിരുവനന്തപുരം, തീയതി, 20.02.2021**

---

പരാമർശം : 1. 19.08.2015 ലെ സ.ഉ. (സാധാ) നം. 4428/2015/റവ.

2. 30.09.2020 തീയതിയിലെ കെ.എം.എസ്.സി.എൽ/CPS-SALES/461/2020 നമ്പർ കത്ത്.

3. 23.12.2020 തീയതിയിലെ കോട്ടയം ജില്ലാ കളക്ടറുടെ DCKTM/8779/2020/കെ4 നമ്പർ കത്ത്.

## ഉത്തരവ്

ഫിസ്റ്റുലൈസിങ് ക്രോൺസ് എന്ന രോഗം ബാധിച്ച ചികിത്സയിൽ കഴിയുന്ന ശ്രീമതി. കനകമ്മ.പി.പി എന്നയാളുടെ മകളുടെ ചികിത്സയ്ക്ക് ആവശ്യമായ മരുന്ന് ലഭ്യമാക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നു. ചികിത്സയ്ക്ക് ആവശ്യമായ മരുന്ന് ലഭ്യമാക്കിയിട്ടുണ്ടെന്നും ആയതിന്റെ വില ലഭ്യമാക്കണമെന്നും പരാമർശം (2) പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫിസ്റ്റുലൈസിങ് ക്രോൺസ് എന്ന രോഗം ബാധിച്ച ചികിത്സയിൽ കഴിയുന്ന ശ്രീമതി. കനകമ്മ.പി.പി എന്നയാളുടെ മകളുടെ ചികിത്സയ്ക്ക് ആവശ്യമായ 5 dose infliximab 100mg മരുന്ന് ലഭ്യമാക്കിയതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് ചെലവായ **1,68,750/- രൂപ (ഒരു ലക്ഷത്തി അറുപത്തെയെട്ടായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം)** കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന **1,68,750/-രൂപ (ഒരു ലക്ഷത്തി അറുപത്തെയെട്ടായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ താഴെപറയുന്ന ബാങ്ക് അക്കൗണ്ടിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

( Beneficiary Name : Kerala Medical Services Corporation Ltd.

Bank Address : Punjab National Bank, Medical College Branch, TVM – 695011

Account No. 3624001800000019 (Current Account)

IFSCode : PUNB0362400)

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ.ടി.കെ

ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, സി.വി. രാമൻ പിള്ള റോഡ്, വിമൺ ആന്റ് ചിൽഡ്രൻ ഹോസ്പിറ്റലിന് സമീപം, തൈക്കാട്, തിരുവനന്തപുരം-695014

ജില്ലാ കളക്ടർ, കോട്ടയം

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

റവന്യൂ (ഡി.ആർ.എഫ് - എ & സി) വകുപ്പുകൾ

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ